കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പായിപ്ര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം. (പി.8)1417/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 05/10/2024
ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡൻറ് (സെക്രട്ടറി മുഖേന)
പായിപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(പി.8)1417/2024 തീയ്യതി: 05/10/2024

എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 49 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 11-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.ഷേർളി പീറ്റർ	ഡെപ്യൂട്ടി ഡയറക്ടർ	03-09-2024	11-09-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
03-09-2024	11-09-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അജിമോൻ പി.പി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശ്രീജ ഉണ്ണിക്കൃഷ്ണൻ. ഓഡിറ്റ് ഓഫീസർ
ശ്രീ.നവാസ് സി.എം. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനീഷ് ആർ. സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അനീഷ് ടി.എസ്.സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.മാത്യൂസ് വർക്കി	പ്രസിഡന്റ്	01-04-2023	30-12-2023
ശ്രീമതി.ഷോബി അനിൽ	പ്രസിഡന്റ്	31-12-2023	22-01-2024
ശ്രീ.പി.എം.അസീസ്.	പ്രസിഡന്റ്	23-01-2024	31-03-2024
ശ്രീ.ജിനേഷ് ജി.	സെക്രട്ടറി	01-04-2023	12-07-2023
ശ്രീ.ബാലാജി.എൽ.	സെക്രട്ടറി	13-07-2023	25-08-2023
ശ്രീമതി.ഹസീന പി.മൈതീൻ	സെക്രട്ടറി	26-08-2023	01-01-2024
ശ്രീ.ഇ.എം.അസീസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	02-01-2024	12-01-2024
ശ്രീമതി.ഹസീന പി.മൈതീൻ	സെക്രട്ടറി	13-01-2024	18-03-2024
ശ്രീ.ഇ.എം.അസീസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	19-03-2024	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീ (വ

ശ്രീ.റോഷിൻ കോശി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	07 2
ശ്രീ.ഇ.എം.അസീസ്	അസിസ്റ്റന്റ് സെക്രട്ടറി	08-08-2023	31 2
ശ്രീമതി.അഞ്ചു പോൾ	കൃഷി ഓഫീസർ	01-04-2023	09 2
ശ്രീ.ഷാനവാസ് എ.എം.	കൃഷി ഓഫീസർ	10-05-2023	31 2
ഡോ.ജോബി എലിസബത്ത് ജോൺ	വെറ്റിനറി സർജൻ	01-04-2023	24 2
ഡോ.അനീറ്റ എൻ. ജോൺസ്	വെറ്റിനറി സർജൻ	25-06-2023	20 2
ഡോ.ജോബി എലിസബത്ത് ജോൺ	വെറ്റിനറി സർജൻ	21-02-2024	31 2
ശ്രീമതി.സൌമ്യ കമാൽ	അസി.എഞ്ചിനീയർ	01-04-2023	28 2
ശ്രീമതി.ഗ്ലാൻസി കെ.മൈക്കിൾ	അസി.എഞ്ചിനീയർ	29-07-2023	31 2
ഡോ.ജോസഫ് തോമസ്	മെഡിക്കൽ ഓഫീസർ - ആയുർവേദം	01-04-2023	31 2
ശ്രീമതി. ലക്ഷ്മി എസ്.നായർ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2023	31 2
ശ്രീമതി.ആതിര ചന്ദ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	07 2
ശ്രീമതി.എലിസബത്ത് സി.ജോർജ്ജ്	ഡയറി ഫാം ഇൻസ്ട്രക്ടർ	08-08-2023	02 2
ശ്രീമതി.ആതിര ചന്ദ്	ഡയറി ഫാം ഇൻസ്ട്രക്ടർ	03-02-2024	31 2
ഡോ.സ്മിതാറാണി എം.എസ്.	മെഡിക്കൽ ഓഫീസർ -ഹോമിയോ	01-04-2023	31 2
ശ്രീമതി.പ്രീതു പി.	വി.ഇ.ഒ.മുടവൂർ	01-04-2023	02 2
ശ്രീമതി.ജാൻസി പൌലോസ്	വി.ഇ.ഒ.മുടവൂർ	03-09-2023	10 2
ശ്രീമതി.മഞ്ചുമോൾ എം.എം.	വി.ഇ.ഒ.മുടവൂർ	11-09-2023	15 2
ശ്രീമതി.രേവതി വേണു	വി.ഇ.ഒ.മുടവൂർ	16-10-2023	21 2
ശ്രീമതി.അനശ്വര വി.ആർ.	വി.ഇ.ഒ.മുടവൂർ	22-03-2024	31 2
ശ്രീമതി.രമ്യ രാജ്	വി.ഇ.ഒ.തൃക്കാരിയൂർ	01-04-2023	11 2

ശ്രീമതി.ഷിബിന പി.എ.	വി.ഇ.ഒ.തൃക്കാരിയൂർ	12-09-2023	29 2
ശ്രീമതി.മഞ്ചുമോൾ എം.എം.	വി.ഇ.ഒ.തൃക്കാരിയൂർ	30-09-2023	08 2
ശ്രീ.ബേസിൽ ടി.എൽദോസ്	വി.ഇ.ഒ.തൃക്കാരിയൂർ	09-12-2023	22 2
ശ്രീമതി.അനശ്വര വി.ആർ.	വി.ഇ.ഒ.തൃക്കാരിയൂർ	23-12-2023	08 2
ശ്രീമതി.മഞ്ചുമോൾ എം.എം.	വി.ഇ.ഒ.തൃക്കാരിയൂർ	09-01-2024	31 2
ശ്രീമതി.ജാൻസി പൌലോസ്	വി.ഇ.ഒ.പായിപ്ര	01-04-2023	31 2
ശ്രീമതി.അഞ്ചന ടി.വി.	വി.ഇ.ഒ.മുളവൂർ	01-04-2023	31 2
ശ്രീമതി.ഷജീന മൊയ്തീൻ	വി.ഇ.ഒ.മുളവൂർ	01-09-2023	16 2
ശ്രീമതി.ജാൻസി പൌലോസ്	വി.ഇ.ഒ.മുളവൂർ	17-09-2023	09 2
ശ്രീമതി.അനശ്വര വി.ആർ.	വി.ഇ.ഒ.മുളവൂർ	10-01-2024	20 2
ശ്രീമതി.ജാൻസി പൌലോസ്	വി.ഇ.ഒ.മുളവൂർ	21-01-2024	25 2
ശ്രീമതി.അനശ്വര വി.ആർ.	വി.ഇ.ഒ.മുളവൂർ	26-02-2024	31 2
ശ്രീ.സലിം വി.എ.	ഹെഡ് മാസ്റ്റർ ഗവ.യു.പി.സ്കൂൾ	01-04-2023	31 2
ശ്രീമതി.ഷൈനി.	ഹെഡ്മിസ്ട്രസ് ഗവ.യു.പി.എസ്.	01-06-2023	28 2
ശ്രീമതി.റഹീമ ബീവി വി.എ.	ഹെഡ്മിസ്ട്രസ് ഗവ.യു.പി.എസ്.	29-02-2024	31 2
ഡോ.അനുപമ ശങ്കർ	മെഡിക്കൽ ഓഫീസർ പി.എച്ച്.സി	01-04-2023	14 2
ഡോ.കൃഷ്ണപ്രിയ എസ്.	മെഡിക്കൽ ഓഫീസർ പി.എച്ച്.സി	15-06-2023	19 2
ഡോ.അമർലാൽ കെ.	മെഡിക്കൽ ഓഫീസർ പി.എച്ച്.സി	20-06-2023	28 2
ഡോ.അനീഷ് ബേബി	മെഡിക്കൽ ഓഫീസർ പി.എച്ച്.സി	29-06-2023	31 2

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.	1-1-2
4	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.	1-1-3
5	ആസ്തി രജിസ്റ്ററിലെ അപാകതകൾ	1-1-4
6	ലൈഫ് ലോൺ നീക്കിയിരുപ്പിൽ വ്യത്യാസം.	1-1-5
7	ലോൺ തുക ചെലവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി.	1-1-6
8	റിക്കൺസിലിയേഷനിലെ അപാകത	1-1-7
9	ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല.	1-1-8
10	സംയുക്ത പ്രോജക്ട് നിർവ്വഹണത്തിനായി ലഭിച്ച ഫണ്ടിന്റെ വിവരം	1-1-9
11	സി.എഫ്.സി. ടൈഡ് ഗ്രാന്റ് പൊരുത്തപ്പെടുന്നില്ല.	1-1-10
12	ബജറ്റ്	1-2
13	സാമ്പത്തിക വിശകലനം	1-3
14	ഫണ്ട് വിനിയോഗം	1-4
15	പദ്ധതി അവലോകനം	1-5
16	തൊഴിലുറപ്പ് പദ്ധതി	1-6
17	ക്ഷേമ പദ്ധതികൾ	1-7
18	ക്യാഷ് ബാലൻസ് പരിശോധന	1-8
19	ആഭ്യന്തര നിയന്ത്രണം	1-9
20	കേരളത്തിലെ മാലിന്യസംസ്കരണം ഹരിത കർമ്മസേനയിലൂടെ -അവലോകനം	1-10
21	വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചു	1-11
22	തൊഴിൽ നികുതി ഈടാക്കിയില്ല	1-12
23	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല	1-13
24	ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളിൽ നിന്നുമുള്ള ക്ലിയറൻസ് കാലാവധിക്ക് ശേഷവും ലൈസൻസ് അനുവദിച്ചു.	1-14
25	2022-23 വർഷം ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും 2023-24 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല	1-15
26	ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ്	1-16
27	ഇ- ടെണ്ടർ ഫാറ വില ലഭിച്ചില്ല	1-17

28	ഇലക്ഷൻ ഡെപ്പോസിറ്റ് - തനത് ഫണ്ടിൽ മുതൽകൂട്ടിയില്ല.	1-18
29	അസി.എൻജിനീയറുടെ പേരിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പ്-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല	1-19
30	ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ.	1-20
31	കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും ഇൻഷുറൻസ് എടുക്കേണ്ടതാണ്	1-21
32	അജൈവ മാലിന്യസംസ്ക്കരണം-മാലിന്യ സംസ്ക്കരണ സ്ഥാപനത്തിന് അധിക തുക നൽകിയത് ക്രമീകരിക്കേണ്ടതാണ്	1-22
33	മംഗല്യക്കടവ് പാലം നിർമ്മാണം ആരംഭിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്	1-23
34	ചാക്കുകളിൽ പ്ലാസ്റ്റിക്ക് ശേഖരിക്കുന്നതിന് തുക നൽകിയത് -വിശദീകരണം ലഭ്യമാക്കിയില്ല	1-24
35	ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകേണ്ടതാണ്	1-25
36	കേരളോത്സവം-തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു-പ്രൊജക്റ്റ് പ്രകാരം ചെലവില്ല	1-26
37	ജലജീവൻ മിഷൻ- കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങിയത് സംബന്ധിച്ച്	1-27
38	മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല.	1-28
39	പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനം- അപാകതകൾ	1-29
40	പൊതുടാപ്പുകളുടെ വെള്ളക്കരം -വൻ തുക കുടിശ്ശിക നിലനിൽക്കുന്നു	1-30
41	അനർഹമായി വിതരണം ചെയ്ത സാമൂഹ്യ സുരക്ഷാ പെൻഷനുകൾ തിരിച്ചടവ്- നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.	1-31
42	മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാതെ തുടരുന്നു.	1-32
43	സേവാഗ്രാം ഓഫീസിലേക്ക് ഫർണിച്ചർ-ആവശ്യകത നിർണ്ണയിക്കാതെ കൂടുതൽ വാങ്ങി	1-33
44	അങ്കണവാടികൾക്ക് ഫർണ്ണീച്ചർ വാങ്ങിയത് -അധിക നിരക്ക് നൽകി	1-34
45	ഹാപ്പി ക്ലിനിക് - അപാകതകൾ	1-35
46	അനുപൂരക പോഷകാഹാര വിതരണം-ഫയൽ ഓഡിറ്റിൽ ഹാജരാക്കിയില്ല	1-36
47	ഫൗളേഴ്സ് കോട്ട് ലഭിച്ചില്ല - ചെലവ് തുക ₹3,04,287/- തടസപ്പെടുത്തുന്നു	1-37
48	ഹോമിയോ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല	1-38

49	ലൈഫ്-ഭവനനിർമ്മാണം പൂർത്തീകരിക്കാനവശേഷിക്കുന്നു	1-39
50	നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല	1-40
51	സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പ്രവർത്തന സജ്ജമാക്കേണ്ടതാണ്	1-41
52	ജലജീവൻ പദ്ധതി - റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ നടത്തിയില്ല	1-42
53	നിക്ഷേപ പ്രവൃത്തികൾ - 1.03 കോടിയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.	1-43
54	കുന്നപ്പിള്ളി ലൈൻ റോഡ് തകർന്ന് ഉപയോഗയോഗ്യമല്ലാതായി	1-44
55	മുൻവർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകൾ വിനിയോഗിക്കാതെ തുടരുന്നു.	1-45
56	എൽ.പി.എസ്.മെയിന്റനൻസ്- അധിക തുക നൽകി	1-46
57	ഇ ടെണ്ടർ ഫീ - ബാങ്ക് അക്കൗണ്ട് ആരംഭിച്ചിട്ടില്ല	1-47
58	ഓഡിറ്റ് ഇംപാക്റ്റ്	1-48
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	അങ്കണവാടികൾക്ക് ഫർണ്ണീച്ചർ വാങ്ങിയത് -അധിക നിരക്ക് നൽകി-17169/-രൂപ നഷ്ടം	3-1
2	എൽ.പി.എസ്.മെയിന്റനൻസ്- അധിക തുക നൽകി- ₹ 142222 നഷ്ടം.	3-2
ഭാഗം 4		
1	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം	4-1
2	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികളുടെ വിവരം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്	4-4
5	വായ്പ / വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം	4-8
9	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	

2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഭാഗം -1
പൊതു അവലോകനം

1-1-1 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

വസ്തുനികുതി കണക്കുകൾ വാർഷിക ധനകാര്യപ്പത്രിക, സഞ്ചയ
പൊരുത്തപ്പെടുന്നില്ല.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1&11.3, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലി അനുസരിച്ച് **25.07.2024** ലെ **2(1) -ാം** നമ്പർ കമ്മിറ്റി തീരുമാനം പ്രകാര തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്ക **ഗ്രാമ**പഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും **31.03.2** ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മ അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തി തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ട എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്ത വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്ര അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വി അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫ ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമാ സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം അനുബന്ധ റിപ്പോ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ നിരീക്ഷണങ്ങൾക്ക് വിധേയമായി, **പായിപ്ര ഗ്രാമ** പഞ്ചായത്തിന്റെ 20

വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്ക
നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്
തീയതി: 5.10.2024 **ഡെപ്യൂട്ടി ഡയറ**

1-1-2 എ.എഫ്.എസിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുന

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട അടിസ്ഥാന അ
പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62(എഫ്)) ഉൾപ്പെടുത്തി

1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ന്യൂനത.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 23-24 കാലയളവിലെ "Net Increase (D
Equivalent" ആയി രേഖപ്പെടുത്തിയിട്ടുള്ളത് ₹1,65,08,594 ആണ്. എന്നാൽ ഇ
Cash Generated By Operating + Investing+ Financing Activity" ആയി രേഖപ്പെടുത്ത
ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാന്റേർഡ് പ്രകാരം ഉ
പൊരുത്തപ്പെടേണ്ടതാണെങ്കിലും ലഭ്യമാക്കിയ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മ
പൊരുത്തപ്പെടുന്നില്ല.

1-1-4 ആസ്തി രജിസ്റ്ററിലെ അപാകതകൾ

നിലവിലുള്ള അസറ്റ് രജിസ്റ്ററിന്റെ രൂപകൽപന പിന്തുണക്കാത്തതിനാ
രേഖപ്പെടുത്തിയിട്ടുള്ള അസറ്റ് മൂല്യം അസറ്റ് രജിസ്റ്ററിൽ കണ്ടെത്താനാക

1-1-5 ലൈഫ് ലോൺ നീക്കിയിരുപ്പിൽ വ്യത്യാസം.

ലൈഫ് ലോൺ ഇനത്തിൽ വർഷാവസാനം തിരിച്ചടക്കാനുള്ള തുക ₹4,8
ഇത് വാർഷിക ധനകാര്യ പത്രികയിലെ ബി.5 ഷെഡ്യൂൾ പ്രകാരം ₹4,72,48,
₹12,30,177 ന്റെ വ്യത്യാസം കാണുന്നുണ്ട്.

1-1-6 ലോൺ തുക ചെലവ് തെറ്റായ ശീർഷകത്തിൽ രേഖപ്പെടു

ലൈഫ് ലോൺ തുകയുടെ വരവ് 330500201 എന്ന ശീർഷകത്തിലാണ് രേഖ
തിരിച്ചടവ് തുക ഇതേ ശീർഷകത്തിലാണ് രേഖപ്പെടുത്തേണ്ടതെങ്കില
നിന്നുള്ള ചെലവ് 251140004 ഹൗസിങ്ങ് എന്ന ചെലവ് ശീർഷകത്തിലാ
എ.എഫ്.എസിൽ 330500201, 330500202 എന്നീ രണ്ടുശീർഷകങ്ങളിലായാണ
ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രണ്ടു ശീർഷകങ്ങളിൽ നിന്നും ഗുണഭോ
തുക ഇതേ ശീർഷകത്തിൽ തന്നെ രേഖപ്പെടുത്തി.

1-1-7 റിക്കൺസിലിയേഷനിലെ അപാകത

ജില്ലാ സഹകരണ ബാങ്ക് അക്കൌണ്ട് 35281000000001 (പുതിയത് കേരള ബാ
ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ₹72,549 , പാസ്സ് ബുക്ക് നീക്കിയിരിപ്പ് ₹72,189
തുകകൾ തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടില്ല.

എസ്.ബി.ഐ. പായിപ്ര ബാങ്ക് അക്കൌണ്ട് 57043751513 ന്റെ ബാങ്ക് ബുക്ക്
പാസ്സ് ബുക്ക് നീക്കിയിരിപ്പ് ₹12,709 എന്നിങ്ങനെയാണ്. ഈ
പൊരുത്തപ്പെടുത്തിയിട്ടില്ല.

എൽ.ജി.ടി.എസ്.ബി. അക്കൌണ്ട് 1019 ന്റെ ബാങ്ക് ബുക്ക് നീക്കിയിരിപ്പ്
നീക്കിയിരിപ്പ് 0 എന്നിങ്ങനെയാണ്. റിസംപ്ഷനെ ത്തുടർന്നാണ് പാസ്സ്
പൂജ്യം ആയത്. ബാങ്ക് ബുക്ക് നീക്കിയിരുപ്പ് നെഗറ്റീവ് ആയത് സംബന്ധി

1-1-8 ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിച്ചിട്ടില്ല.

വാർഷിക ധനകാര്യ പത്രികയിലെ ബി.7 ഷെഡ്യൂൾ പ്രകാരം നീക്കിയിര
തുകകളും സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടെ ഡെപ്പോസിറ്റ് രജിസ്റ്റർ

1-1-9 സംയുക്ത പ്രോജക്ക് നിർവ്വഹണത്തിനായി ലഭിച്ച ഫണ്ടിന്

ബി.4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ക് നിർവ്വഹണത്തിനായി
നിന്നും ലഭിച്ച ₹4,68,836, ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച ₹2
പ്രോജക്ടിനായിട്ടാണ് ലഭിച്ചിട്ടുള്ളത് എന്ന വിവരം ലഭ്യമല്ല. മാത്രമല്ല ട്രഷ
ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നിന്നും ₹9,18,941 റിഡംപ്ഷനായി
പിൻവലിച്ചിട്ടുണ്ട് (ഈ തുക ഓഡിറ്റ് വർഷത്തിലും തിരികെ ലഭിച്ചിട്ടില്ല).
തുകയും തമ്മിലും പൊരുത്തപ്പെടുന്നില്ല.

1-1-10 സി.എഫ്.സി. ടൈഡ് ഗ്രാന്റ് പൊരുത്തപ്പെടുന്നില്ല.

സി.എഫ്.സി. ടൈഡ് ഗ്രാന്റ് യഥാർത്ഥ നീക്കിയിരിപ്പും ബി.4 ൈ
നീക്കിയിരിപ്പും തമ്മിൽ ₹18,192 ന്റെ വ്യത്യാസം ഉണ്ട്.

1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് 14.0
പ്രകാരം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി അംഗീകരിച്ച് പഞ്ചായത്ത് കമ്മിറ്റ
ആയത് 20.03.2023 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത്
പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത ബജറ്റ് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 22.1.2024 ലെ 1-ാം നമ്പ
പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് പഞ്ചായത്ത് കമ്മി
നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുമുണ്ട്.

ബജറ്റ് എസ്റ്റിമേറ്റ്		റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ്
മുന്നിരുപ്പ്	₹1,01,08,843	₹1,03,08,843
വരവ്	₹32,29,42,350	₹46,16,92,767
ആകെ	**₹33,30,51,193**	**₹47,20,01,610**
ചെലവ്	₹32,94,40,500	₹46,55,12,680
നീക്കിയിരുപ്പ്	₹36,10,693	₹64,88,930

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത്
ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങള
നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അന
നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്കുവേണ്ട
പുറപ്പെടുവിച്ചിട്ടില്ല.

ബജറ്റ് റിവിഷൻ - മുന്നിരിപ്പു തുകയിലെ വ്യത്യാസം

ബജറ്റ് റിവിഷനിൽ സാധാരണയായി നടപ്പ് ബജറ്റിലുള്ള വരവിലെ
ഏതെങ്കിലും ഇനങ്ങളിൽ മാത്രമാണ് മാറ്റം വരുത്താറുള്ളത്. ആയ
യഥാർത്ഥ ബജറ്റിലെ വരവിലും ചെലവിലും നീക്കിയിര
ഉണ്ടാകുന്നുണ്ടെങ്കിലും മുന്നിരുപ്പിൽ വ്യത്യാസം വരാവുന്നതല്ല. എന്നാൽ
റിവൈസ് ചെയ്തപ്പോൾ മുന്നിരുപ്പിൽ വ്യത്യാസം വന്നിട്ടുള്ളതായി
സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയോ പഞ്ചായത്ത് കമ
തീരുമാനം ഒന്നും തന്നെ ഉണ്ടായിട്ടുമില്ല.

1-3 സാമ്പത്തിക വിശകലനം

മുന്നിരുപ്പ്	:	₹3,28,54,823.00
ഓഡിറ്റ് വർഷത്തെ വരവ്	:	₹8,59,81,673.00
ആകെ	:	**₹11,88,36,496.00**
ഓഡിറ്റ് വർഷത്തെ ചെലവ്	:	₹6,94,73,079.00
നീക്കിയിരുപ്പ്	:	₹4,93,63,417.00

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക
റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്

ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടു

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ്	അലോട്ട്മെന്റ് പ്രകാരം വരവ്	ആകെ	ചെലവ്	ബാങ്ക് നീക്കിയിരു
വികസന ഫണ്ട്(ജനറൽ)	0	29123000	29123000	23850967	
വികസന ഫണ്ട് (എസ്.സി.പി)	0	6982000	6982000	5933587	
വികസന ഫണ്ട് (ടി.എസ്.പി)	0	87000	87000	28617	
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	0	24567350	24567350	13274702	
മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്)	0	5516600	5516600	4698514	
സി.എഫ്.സി – ബേസിക്ക്	0	5045119	5045119	937200	41079
സി.എഫ്.സി –ടൈഡ്	7693091	3617000	11310091	806845	105032
പേഴ്സൺസ് വിത്ത് ഡിസെബിലിറ്റി (320100145)	408398	0	408398	0	4083
അദർ സ്കീംസ് (320100152)	16693	1250000	1266693	16693	12500
റൂറൽ ഹൌസിങ്ങ് (320100160)	0	4900000	4900000	4372145	5278
ടോട്ടൽ സാനിട്ടേഷൻ (320100181)	2579728	0	2579728	0	25797
വിമുക്തി (320100190)	35295	0	35295	0	352
ഐ.സി.ഡി.എസ്. (320100196)	1215886	2939078	4154964	2421157	17338
ലിറ്ററസി സ്കീം ഗ്രാന്റ് (320100197)	3485	72	3557	0	35
ഹെൽത്ത് ഡയഗ്നോസ്റ്റിക് ഗ്രാന്റ് (320100202)	143186	1274084	1417270	316125	11011
ഹെൽത്ത് ഗ്രാന്റ് വെൽനെസ് (320100204)	110033	512830	622863	77893	5449
സോളിഡ് വേസ്റ്റ് മാനേജ്മെന്റ് (320200304)	1000000	0	1000000	0	10000

ലോക്കൽ ഏരിയ ഡെവലപ്പമെന്റ് ഫണ്ട് (320200306)	43584	0	43584	0	435
സ്പെസിഫിക് പർപ്പസ് (320200399)	0	100000	100000	0	1000
സ്പെസിഫിക് പർപ്പസ് അദർ ഗവ. ഏജൻസീസ് (320300199)	590167	0	590167	0	5901

കുറിപ്പ്:

. വികസന ഫണ്ട് ജനറൽ വരവിലും ചെലവിലും ഉത്തരവത്തിൽ കുറ പ്രകാരം ക്രമീകരിച്ച ₹61,22,556 ഉൾപ്പെടുന്നുണ്ട്.

. വികസന ഫണ്ട് ജനറൽ ഗ്രാന്റ് ചെലവ്, ₹2,24,11,412 റവന്യൂ ചെല ചെലവും ഉൾപ്പെടുന്നതാണ്.

. വികസന ഫണ്ട് എസ്.സി.പി. വരവിലും ചെലവിലും ഉത്തരവത്തിൽ കുറ പ്രകാരം ക്രമീകരിച്ച ₹11,80,053 ഉൾപ്പെടുന്നുണ്ട്.

. വികസന ഫണ്ട് ടി.എസ്.പി. വരവിലും ചെലവിലും ഉത്തരവത്തിൽ കുറ പ്രകാരം ക്രമീകരിച്ച ₹28,617 ഉൾപ്പെടുന്നുണ്ട്.

. സി.എഫ്.സി.ടൈഡ് ഗ്രാന്റ്, ₹ 7,06,845 റവന്യൂ ചെലവും ₹1,00,0 ഉൾപ്പെടുന്നതാണ്.

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	പൂർണ്ണമായി നടപ്പാക്കിയത് എണ്ണം	ഭാഗികമായി നടപ്പാക്കിയത് എണ്ണം	നടപ്പാക്ക എണ്ണ
398	22,91,55,430	9,49,09,456	124	253	21

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരുപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയ
ഭരണ ചെലവുകൾ	₹8,000	₹9,24,891	₹9,32,891	₹9,32,891	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്	0	₹3,98,33,275	₹3,98,33,275	₹3,98,33,275	0
ആകെ	**₹8,000**	**₹4,07,58,166**	**₹4,07,66,166**	**₹4,07,66,166**	**0**

1-7 ക്ഷേമ പദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	0	0
കർഷകതൊഴിലാളി പെൻഷൻ	₹67,75,600	569
വിധവാപെൻഷൻ	₹1,56,49,400	1443
വാർദ്ധക്യകാല പെൻഷൻ	₹3,74,63,700	3527
വികലാംഗപെൻഷൻ	₹73,52,900	653

അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം	₹3,38,200	35
വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം	₹3,00,000	10

1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമ പരിശോധന 03.09.2024തീയതിയിൽ ഉച്ചയ്ക്ക് 2.50 സമയത്ത് അസിറ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹45,940.00 ന്റെ കൃത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1.പദ്ധതി മോണിറ്ററിങ്ങ് സംവിധാനം കാര്യക്ഷമമല്ല :

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന പ്രോജക്ടുകളുടെ വിവിധ ബന്ധപ്പെട്ട മോണിറ്ററിങ്ങ് സമിതികൾ വിലയിരുത്തുന്നില്ല. ആണ് പ്രോജക്ടിന്റെ നിർവ്വഹണ ഘട്ടത്തിൽ മേണിറ്ററിങ്ങ് സമിതിയാ എന്നാൽ പൂർത്തിയാക്കിയ പ്രോജക്ടുകളിൽ ഒന്നിലും തന്നെ മോ ലഭ്യമാക്കിയിട്ടില്ല. മരാമത്ത് വേലകളുടെ ഫയലുകളിൽ മോണിറ്ററി വച്ചിട്ടുണ്ടെങ്കിലും സമിതിയുടെ ചെയർമാൻ, കൺവീനർ, മറ്റ് ഒപ്പുവച്ചിട്ടില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിജയം ശക്തവു മോണിറ്ററിങ്ങിനെ ആശ്രയിച്ചാണിരിക്കുന്നത്. ആയതിനാൽ മോണ ബന്ധപ്പെട്ട പ്രോജക്ടുകളുടെ എല്ലാ നിർവ്വഹണ ഘട്ടങ്ങളും വിലയിരുത്ത് പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

2.ഓഡിറ്റ് റിപ്പോർട്ടുകളുടെ തീർപ്പാക്കൽ- കാര്യക്ഷമമല്ല:

ഗ്രാമപഞ്ചായത്തിന്റെ 1997-98 മുതൽക്കുള്ള വിവിധ ഓഡിറ്റ് റിപ്പോ തീർപ്പാക്കാതെ അവശേഷിക്കുന്നുണ്ട്. പഞ്ചായത്തിന് ലഭിക്കുന്ന റിപ്പോർട്ടുകളിന്മേൽ ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കപ്പെടാത്തതാണ് ഇത്രയധികം ഓഡിറ്റ് റിപ്പോർട്ടുകൾ അവശേഷിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധ സംവിധാനവും) ചട്ടങ്ങൾ ചട്ടം 21 പ്രകാരം ഓഡിറ്റ് റിപ്പോർട്ട് ലഭി റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന പരാമർശങ്ങളിന്മേലുള്ള തിരുത്തൽ ന സ്വീകരിക്കേണ്ടതും റിപ്പോർട്ട് ഓഡിറ്റർക്ക് നൽകേണ്ടതുമാണ്. ഓ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ടിട്ടുള്ള അഭ്യന്തര നിയന്ത്രണ ഉപ പഞ്ചായത്ത് പാലിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡി പരാമർശങ്ങൾ ചട്ടപ്രകാരം തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരി

3.അനർഹമായി വിതരണം ചെയ്യപ്പെട്ട സാമൂഹ്യ സുരക്ഷിതത തിരിച്ചടവ് ഉറപ്പാക്കപ്പെടുന്നില്ല:

സ.ഉ.(കൈ)നം.97/2020/ധന/ 23.09.2020, സ.ഉ.(സാധ) നം. 6064/2022/ധന/26.08.202 02.08.2021 ലെ 63/2021/ധന. നമ്പർ സർക്കുലർ, എറണാകുളം പഞ്ചായത്ത് 09.05.2022 ലെ ഡി.ഡി.പി. ഇകെഎം. 371/2022-ഡി.1. നമ്പർ കത്ത് എന്നിവ മരണപ്പെടുകയോ മറ്റ് കാരണങ്ങളാലോ പെൻഷൻ റദ്ദാക്കു

മരണപ്പെട്ടതിനോ അർഹത നഷ്ടപ്പെട്ടതിനോ ശേഷം അനർഹമായി വിത
സാമൂഹ്യ സുരക്ഷാ പെൻഷൻ തുക തിരിച്ച് പിടിച്ച് കേരള സോഷ്യൽ
ലിമിറ്റഡിലേക്ക് തിരികെ അടക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാ
ഗ്രാമപഞ്ചായത്തിൽ കാര്യക്ഷമമല്ല. ഇക്കാര്യത്തിലുള്ള സർക്കാർ നിർദേ
പാലിക്കേണ്ടതാണ്.

4.പദ്ധതി രൂപീകരണം - യോഗങ്ങളുടെ മിനുട്ട്സ് രേഖപ്പെടുത്തുന്ന

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി വാർഷിക പദ്ധതികൾ
മാർഗ്ഗരേഖ 19.04.2022 ലെ സ.ഉ.(കൈ) 84/ 2022/ ത.സ്വ.ഭ.വ. നമ്പ
പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ആസൂത്രണ സമിതിയും
പുനസംഘടിപ്പിക്കണം. ഗ്രാമസഭായോഗങ്ങൾ ചേർന്ന് പദ്ധതിക്കാ
സ്വീകരിച്ച് കരട് വികസന രേഖയും കരട് വാർഷിക പദ്ധതി രേഖയും
വികസന സെമിനാറിൽ ചർച്ച ചെയ്ത് വാർഷിക പദ്ധതിക്ക് അന്തിമ
പ്രോജക്ടുകൾ തയ്യാറാക്കി വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമി
നേടി നിർവ്വഹണം നടത്തുകയും വേണം.

ഗ്രാമപഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതി രൂപീകരണവുമായി
പരിശോധിച്ചതിൽ ബന്ധപ്പെട്ട യോഗങ്ങളുടെ മിനുട്ട്സ്
രേഖപ്പെടുത്തിക്കാണുന്നില്ല.

ആസൂത്രണ സമിതി:- ആസൂത്രണ സമിതിയുടെ മിനുട്ട്സ് ബുക്ക് പ്രക
06.12.2023 തീയതികളിൽ യോഗം ചേർന്നതിന്റെ ഹാജർ രേഖപ്പെ
മിനുട്ട്സ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

വർക്കിങ്ങ് ഗ്രൂപ്പുകൾ: ആകെ 13 വർക്കിങ്ങ് ഗ്രൂപ്പുകളാണ് ഉള്ളത്. 202
രൂപീകരണത്തിന്റെ ഭാഗമായി 12.12.2022 ൽ വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങൾ
ദാരിദ്ര്യ ലഘൂകരണം, വനിതാവികസനം, സാമൂഹ്യനീതി, പ്രദേശിക
എന്നീ നാല് വർക്കിങ്ങ് ഗ്രൂപ്പ് യോഗങ്ങളിൽ മാത്രമാണ് തീരുമാനങ്ങൾ
ബാക്കിയുള്ള കൃഷി, പട്ടികജാതി വികസനം, മൃഗസംരക്ഷണവും
വിദ്യാഭ്യാസം കല സംസ്കാരം യുവജനകാര്യം, കുടിവെള്ളം ശുചിത്വം,
ആരോഗ്യം, പൊതുഭരണവും ധനകാര്യവും, ജൈവവൈവിദ്ധ്യ മാനേജ്മെ
വർക്കിങ്ങ് ഗ്രൂപ്പുകളും യോഗതീരുമാനങ്ങൾ മിനുട്ട്സ് ചെയ്തിട്ടില്ല.

വികസന സെമിനാർ :- 2023-24 വാർഷിക പദ്ധതി രൂപീകരണ വിക
മിനുട്ട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഊരുക്കൂട്ടവും ഗ്രാമസഭകളും :- ഗ്രാമപഞ്ചായത്തിൽ 22 ഗ്രാമസഭകളാ
12, 14, 16, 20 വാർഡുകളിലെ ഗ്രാമസഭാ മിനുട്ട്സ് ബുക്കുകൾ മാത്രമ
ലഭ്യമാക്കിയത്. 2, 3, 4, 5, 7, 8, 10, 11, 13, 15, 17, 18, 19, 21, 22 എന്നീ വാർഡുകളി
ബുക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഊരുക്കൂട്ടം യോഗ
പരിപാലിച്ചിട്ടുണ്ട്.

1-10 കേരളത്തിലെ മാലിന്യസംസ്കരണം ഹരിത കർമ്മസേനയി -അവലോകനം

കേരള പഞ്ചായത്ത് രാജ് നിയമം 166 (1)- ാം വകുപ്പ്, മൂന്നാം പട്ടിക പ്ര
ശേഖരിക്കുകയും കൈയ്യൊഴിയുകയും ചെയ്യുക, ദ്രവമാലിന്യങ്ങൾ

ക്രമീകരിക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയ
നിറവേറ്റിക്കൊണ്ട് മാലിന്യമുക്തകേരളം എന്ന ലക്ഷ്യം കൈവരി
സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമ
മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ
നടന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ
പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനം സർക്കാർ ഉത്തരവിന്
തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങി പ്രധാനമായും അജൈ
ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്ന
സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്ത
ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന
റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും പ്രവർത്തനങ്ങൾക്ക് സഹായ
പ്രവർത്തിച്ച് കേരളത്തെ മാലിന്യ മുക്തമാക്കുകയെന്നതാണ് ഹരിതകർ
തദ്ദേശസ്വയംഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി
പ്രവർത്തനങ്ങൾ നടത്തേണ്ട സംഘടനാ സംവിധാനമാണ് ഹരിതകർമ്മ

പായിപ്ര ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹര
പ്രവർത്തനങ്ങളെയും, ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കര
സംബന്ധിച്ച് 2023-24 സാമ്പത്തിക വർഷത്തെ ഓഡി
പരിശോധിക്കുകയുണ്ടായി. പരിശോധനാഫലമായുള്ള വിവരങ്ങൾ താഴെ

<u>ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ</u>

ഗ്രാമ പഞ്ചായത്തിന്റെ പേര്	പായിപ്ര
വാർഡുകൾ	22
ജനസംഖ്യ	42682
ആൾ താമസമുള്ള വീടുകളുടെ എണ്ണം	13997
പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം	2883
ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം	44
ഹരിതകർമ്മസേന മാലിന്യം ശേഖരിക്കുന്ന വീടുകളുടെ എണ്ണം	7271
ഹരിതകർമ്മസേന മാലിന്യം ശേഖരിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം	588

<u>ഹരിത കർമ്മസേന പ്രവർത്തനങ്ങൾ</u>

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020ലെ ജി.ഒ.(ആർ.ടി.) 14
പ്രകാരം രൂപീകൃതമായ ഹരിത കർമ സേനയുടെ പ്രവർത്തനങ്ങൾ
മേഖലയിൽ വലിയമാറ്റമാണ് വരുത്തിയിട്ടുള്ളത്. 44 ഹരിതകർമ്മ
സംസ്കരണത്തിൽ പങ്കാളികളാകുന്നു. യൂസർഫീ കാർഡ് മുഖേന വീടു
സ്ഥാപനങ്ങളിൽ നിന്നും 100/- രൂപ എന്ന നിരക്കിൽ യൂസർ ഫീ ഈടാ
മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണമാണ് നടപ്പിലാക്കിയിരിക്കുന്ന

<u>മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി</u>

ഹരിത കർമ്മ സേനയുടെ മാലിന്യശേഖരണ പ്രവർത്തനങ്ങൾ
മാത്രമാണ്, 2023-24 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ
സ്ഥാപിച്ചിരുന്നില്ല. 2023-24 സാമ്പത്തിക വർഷത്തിൽ Northamps കമ്പനി
നടത്തിയിരുന്നത്. 30.06.2024ൽ Northamps കമ്പനിയുമായുള്ള കരാർ അവ
Waste Management കമ്പനിയുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. നില

വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള 33 മിനി എംസിഎഫുകളിലേ ശേഖരിക്കുന്ന മാലിന്യം എത്തിക്കുകയും, അവിടെ നിന്നും തൃക്കളത്ത താൽക്കാലിക എംസിഎഫിൽ എത്തിച്ച് Konaris Waste Man കൈമാറുകയുമാണ് ചെയ്യുന്നത്. വിവിധ വാർഡുകളിൽ സ്ഥാ എം.സി.എഫുകളിൽ നിന്നും യഥാസമയം മാലിന്യം നീക്കം ചെയ്യുന്നുണ്ട്.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

2023-24 സാമ്പത്തിക വർഷത്തിൽ ശൂലംതാഴത്തുള്ള എസ്.സി ക എംസിഎഫ് പ്രവർത്തിച്ചിരുന്നത്. ഫയർ ഓഡിറ്റിൽ അനുമതി ലഭിക്കാ നിലവിൽ തൃക്കളത്തൂർ 22-ാം വാർഡിലുള്ള വാടക കെട്ടിടത്ത പ്രവർത്തിക്കുന്നത്. ഈ കെട്ടിടത്തിന് ഏകദേശം 2700 Sqft വലുപ്പമുണ ഏരിയ സ്റ്റോറേജായും 20% ഏരിയ സോർട്ടിംഗിനായും ഉപയോഗിച്ചുവരു സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സെഗ്രഗേഷൻ ഉൾപ്പടെയുള്ള അടിസ്ഥാനസൗകര്യം ഏർപ്പെടുത്തിയിട്ടില്ല. മറ്റ് ഉപകരണങ്ങളൊന്നുമ ചെയ്യുന്നതിന് വാടകവാഹനം ആണ് ഉപയോഗിക്കുന്നത്. എം.സി.എഫ സംവിധാനങ്ങൾ പൂർണ്ണമായും ഏർപ്പെടുത്തിയിട്ടില്ല. നിലവിൽ എം.സി.എഫിന്റെ ചിത്രങ്ങൾ താഴെ ചേർക്കുന്നു.

<u>ശുചിത്വ മാനദണ്ഡങ്ങൾ</u>

മാലിന്യങ്ങൾ അലക്ഷ്യമായി കൂട്ടിയിടാതെ സ്റ്റോറേജ് ഏരിയയിൽ മാലിന്യം തിരയുന്നതിനായി സേനാംഗങ്ങൾക്ക് ഗ്ലൗസുകളും, മാസ്കും വിത

<u>മാലിന്യ ശേഖരണ കലണ്ടർ</u>

താഴെ കാണിച്ചിരിക്കുന്ന രീതിയിൽ മാലിന്യ ശേഖരണ കലണ്ടർ തയ്യാറാ

ഇനം	ശേഖരിക്കുന്ന മാസം
പ്ലാസ്റ്റിക്, പേപ്പർ, കാർഡ് ബോർഡ്, മറ്റ് സ്ക്രാപ്പ് തുടങ്ങിയവ	എല്ലാ മാസവും
തുണി മാലിന്യം, കുപ്പി, കുപ്പിച്ചില്ല്, ചെരുപ്പ്, ബാഗ് തുടങ്ങിയവ	ജനുവരി, ജൂൺ, ഡിസംബർ
ഇ മാലിന്യങ്ങൾ, ബാറ്ററി തുടങ്ങിയവ	മാർച്ച്, ജൂൺ, സെപ്റ്റംബർ, ഡിസംബർ

മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ

മാലിന്യ ശേഖരണത്തിനുള്ള കലണ്ടർ പ്രകാരമാണ് മാലിന്യങ്ങൾ ശേ നീക്കം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം പ്രവർത്തിക്കുന്നു പ്രവർത്തനം പ്രാരംഭ ഘട്ടത്തിലാണ്. മാസത്തിൽ ഒന്ന് മുതൽ ദിവസങ്ങളിലാണ് വീടുകളിലെയും സ്ഥാപനങ്ങളിലേയും വാ നിശ്ചയിച്ചിരിക്കുന്നത്. ഇരുപതാം തിയതിക്ക് ശേഷമുള്ള ദിവസങ്ങളി ഊർജിതമാക്കുന്നതിനാണ് ഹരിതകർമ്മസേനാംഗങ്ങളെ ചുമതല നിലവിൽ നാല് ലോഡിനടുത്ത് പ്ലാസ്റ്റിക്ക് മാലിന്യവും കുറച്ച് ലെഗസ് എം.സി.എഫിൽ അവശേഷിക്കുന്നു.

യൂസർഫീ വിവരങ്ങൾ

2023-24 വർഷം 65 ടൺ മാലിന്യം ശേഖരിക്കുകയും Northamps കമ്പനിക്ക് മാലിന്യവും 12.2 ടൺ ലെഗസി വേസ്റ്റും കൈമാറിയതായാണ് കണക്കു ഓഡിറ്റ് വർഷം യൂസർഫീ ഇനത്തിൽ 26,55,000/- രൂപയും ഹരിത ചട്ട ഈടാക്കിയ ഇനത്തിൽ 1,46,000/- രൂപയും ലഭിച്ചിട്ടുണ്ട്. ഹരിത കർമ്മ സേ സ്വീകരിക്കാൻ വിമുഖത കാട്ടുന്നവർക്ക് ഗ്രാമപഞ്ചായത്തിൽ നിയന്ത്രിക്കുന്നത് അടക്കമുള്ള നടപടികളിലൂടെ മാലിന്യ സംസ്ക്കരെ ബോധ്യപ്പെടുത്താനും പങ്കാളിത്തം ഉറപ്പ് വരുത്താനും കഴിഞ്ഞിട്ടുണ്ട്.

തൊഴിൽ സൃഷ്ടിക്കൽ

2023-24 സാമ്പത്തിക വർഷത്തിൽ 240 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടു ലഭ്യമാകുന്ന വാർഡ് അടിസ്ഥാനത്തിലുള്ള തുക അംഗങ്ങൾക്ക വീതിക്കുകയും. പത്ത് ശതമാനം കൺസോർഷ്യത്തിന്റ പ്രവർത്തന ഫണ്ടിലേക്ക് നീക്കിവെക്കണമെന്ന നിർദ്ദേശം നടപ്പിലാക്കുകയും 10,735/-രൂപക്ക് മുകളിൽ ഉള്ള തുക അംഗങ്ങൾക്ക് വരുമാനമായി ലഭിക്കുന

ഹരിതകർമ്മസേന റിവ്യൂ മീറ്റിംഗ്

ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി പ്രസിഡന്റ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാർ, സെക്രട്ടറി, നോഡ സെക്രട്ടറി, വി.ഇ.ഒ എന്നിവർ ഉൾപ്പെടുന്ന സംഘം എല്ലാ മാസവും റിവ്യൂ മാലിന്യ നിർമാർജ്ജന സ്ക്വാഡ് പ്രവർത്തനങ്ങൾ, യൂസർ ഫീ ക ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തൽ എന്നീ കാര്യങ ഉൾപ്പെടുത്തിവരുന്നു.

പാരിസ്ഥിതിക ആഘാതം

പൊതു സ്ഥലത്ത് മാലിന്യം വലിച്ചെറിഞ്ഞതായി ഫോൺ മുഖാന്തരം തുടർന്ന് വിവിധ സ്ഥലങ്ങളിൽ പരിശോധന നടത്തി ഹരിതചട്ട ലംഘന 1,46,000/- രൂപ ലഭിക്കുകയും, ടി വ്യക്തികൾ/സ്ഥാപനങ്ങൾക്ക് കർശന ചെയ്തിട്ടുണ്ട്.

പരിശീലനവും വികസനവും

മാർച്ച് 2024ന് ഹരിതസേനാ അംഗങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് ശില്പ കൂടാതെ പഞ്ചായത്ത് തലത്തിൽ ഹരിതകർമ്മസേനാംഗങ്ങൾക്ക് സോ നൽകുന്നുണ്ട്.

പൊതു നിർദ്ദേശങ്ങൾ

1. ഹരിതമിത്രം ആപ്പ് പൂർണ്ണസജ്ജമാക്കി യൂസർ 100ശതമാനത്തിലേക്കെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ട

2. പൊതു സ്ഥലങ്ങളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നവർക്കെതി പഞ്ചായത്ത് രാജ് നിയമം 220(C) അനുസരിച്ചുള്ള ശിക്ഷാ രീതികൾ കർശ

3, ഗ്രാമപഞ്ചായത്ത് ഓഫീസിനോട് ചേർന്ന് നടപ്പാക്കാൻ ഉദ്ദേശിക്കു കളക്ഷൻ സെന്റർ കോംപ്ലക്സ് പദ്ധതി നടപ്പാക്കി ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കേണ്ടതാണ്.

1-11 വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് 203, 208 (വസ്തു നികുതിയും സേ സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ഗ്രാമപഞ്ചായത്ത് 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 30 രൂപയായും, 100 ചതുരശ്ര തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര നികുതി നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. 2011 ന് ശേഷം, നിർമ്മാണം പൂർത്തിയാ (Plinth Area) അടിസ്ഥാനമാക്കി നികുതി നിർണയിച്ചതുമായ താഴെ ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടി മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ച നികുതി വരവിൽ നഷ്ടം സംഭവിച്ചതായി കാണുന്നു.

കെട്ടിട നം	കെട്ടിട ഉടമ	നികുതി നിലവിൽ വന്ന അർദ്ധവർഷം	വിസ്തൃതി (ച.മീ.)	നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി	നിർണ്ണ അടിസ് വസ്തുന
11/348/A	നാസർ, പൊട്ടക്കാമോളേൽ, പേഴക്കാപ്പിള്ളി	*2015* ആദ്യ പകുതി	199 ച. മീ	11940/-	597
17/252/C	റഫീക്ക്, അബ്ദുറഷീദ്, റിയാസ്, മുഹമ്മദ് ഷാഫി, ചെമ്പൻവീട്ടിൽ (പാലക്ക വളപ്പിൽ), കണ്ണമംഗലം.	*2017* ആദ്യ പകുതി	116 ച. മീ	6960/-	348

100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിന
ബാധകമായ നിരക്കിൽ നികുതി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ വിശദാംശ
വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ നികുതി
വസ്തുനികുതി ഡിമാന്റ് കുറവ് വന്നതിന് വിശദീകരണം നൽകാനും
ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം 16/06.09.2024) മേൽ സൂചിപ്പിച്ച
പുനർനിർണ്ണയിച്ചിട്ടുണ്ടെന്നും, ബന്ധപ്പെട്ട നികുതിദായകരിൽ നിന്നു
ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീക
സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യ
തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴി
തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ
എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവന
സാമ്പത്തിക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെ

ക്രമ നം	സ്ഥാപനത്തിന്റെ പേര്	കെട്ടിട നം	ജീവനക്കാരുടെ എണ്ണം	റിമാർക്സ്
1	മാറ്റാനി മെറ്റൽ സ്റ്റാന്റ്	1/165A	05	ആദ്യ പകുതിയും രണ്ടാം പകുതിയും
2	പുതിയേടത്ത് കോൺക്രീറ്റ് പ്രൊഡക്ട്സ്	6/311A	03	ആദ്യ പകുതിയും രണ്ടാം പകുതിയും
3	അന്ന ബോട്ടിൽസ്	16/96	04	ആദ്യ പകുതിയും രണ്ടാം പകുതിയും
4	ഫൈക്കസ് ഇൻഡസ്ട്രീസ്	1/437	10	ആദ്യ പകുതിയും രണ്ടാം പകുതിയും
5	ജെറ്റ് സെറ്റ് ഓട്ടോമൊബൈൽസ്	15/400	04	ആദ്യ പകുതിയും രണ്ടാം പകുതിയും
6	ട്രാവൻകൂർ ഇൻഡസ്ട്രിയൽ സൊല്യൂഷൻസ്	17/58A	05	ആദ്യ പകുതിയും രണ്ടാം പകുതിയും
7	യൂണിക് അസോസിയേറ്റ്	11/465F	04	ആദ്യ പകുതിയും രണ്ടാം പകുതിയും
8	മാക്സ് വെൽ അസോസിയേറ്റ്	22/93A	04	ആദ്യ പകുതിയും രണ്ടാം പകുതിയും
9	ഒമേഗ ഡിസൈൻസ്	1/237	07	ആദ്യ പകുതിയും രണ്ടാം പകുതിയും
10	ഇലാഹിയ കാറ്ററിംഗ്	17/629B	03	ആദ്യ പകുതിയും രണ്ടാം പകുതിയും
11	ആരോമാറ്റിക്ക ഫ്ലേവേഴ്സ്	20/466A	11	ആദ്യ പകുതിയും രണ്ടാം പകുതിയും

12	ഗ്രൈൻ N ഗ്രെയിൻ	20/464D	10	ആദ്യ പകുതിയും രണ്ടാം പകുതിയും
13	ഫ്രഷ് ആൻഡ് മോർ	9/519B	05	ആദ്യ പകുതിയും രണ്ടാം പകുതിയും
14	ഇവിഎം മോട്ടോർസ്	18/262	04	ആദ്യ പകുതിയും രണ്ടാം പകുതിയും
15	ഗോൾഡൻ പപ്പടം	18/643C	05	ആദ്യ പകുതിയും രണ്ടാം പകുതിയും
16	ഉതുപ്പാൻ ഓയിൽ മിൽ	6/360	06	ആദ്യ പകുതിയും രണ്ടാം പകുതിയും
17	റിലൈൻസ് റീട്ടെയിൽ ലിമിറ്റഡ്	11/374A	03	ആദ്യപകുതിയും രണ്ടാംപകുതിയും
18	കോട്ടയം ഡ്രഗ് ഹൗസ്	13/571	03	ആദ്യപകുതിയും രണ്ടാംപകുതിയും
19	റിലൈൻസ് റീട്ടെയിൽ ലിമിറ്റഡ്	9/590A	03	ആദ്യപകുതിയും രണ്ടാംപകുതിയും
20	മസാലി ഹോട്ടൽ	8/659	06	ആദ്യപകുതിയും രണ്ടാംപകുതിയും
21	സി വി വി ട്രേഡിങ്ങ് കമ്പനി	16/239	09	ആദ്യ പകുതിയും രണ്ടാം പകുതിയും
22	എസ് ബി ഇൻഡസ്ട്രീസ്	16/81A	04	ആദ്യ പകുതിയും രണ്ടാം പകുതിയും
23	ഗോൾഡൻ ടൈൽസ്	2/437C	04	ആദ്യപകുതിയും രണ്ടാംപകുതിയും
24	റഹ്മാനിയ ഹോട്ടൽ	14/119	04	ആദ്യപകുതിയും രണ്ടാംപകുതിയും
25	ചാട്ടയിൽ ഫുഡ്	9/5A	09	ആദ്യപകുതിയും രണ്ടാംപകുതിയും
26	സോഡിയാക്ക് ഇൻഡസ്ട്രീസ്	21/573	03	ആദ്യ പകുതിയും രണ്ടാം പകുതിയും
27	മാതാ ടിംബർ ഇൻഡസ്ട്രീസ്	21/595	09	ആദ്യ പകുതിയും രണ്ടാം പകുതിയും
28	സോഡിയാക് പോളിമർ	21/572	03	ആദ്യ പകുതിയും രണ്ടാം പകുതിയും

വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 17/06 മറുപടിയിൽ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നതിലേക്ക സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ നിന്ന ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. പഞ്ചായത്തിന് ലഭി സ്രോതസ്സുകൾ കണ്ടെത്തി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപറയുന്ന സ്ഥ തൊഴിൽ നികുതി 2023-24 സാമ്പത്തിക വർഷം അടവാക്കിയതായി തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമ ഓഡിറ്റ് എൻക്വയറി നം 22/06.09.2024 നൽകിയെങ്കിലും മറുപടിയിൽ സ്ഥ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചി താഴെപറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈട സഹിതം അറിയിക്കേണ്ടതാണ്.

സ്ഥാപനത്തിന്റെ പേര്	അർദ്ധവർഷം
എസ്.ബി.ഐ പേഴക്കാപ്പിള്ളി	ആദ്യ പകുതിയും രണ്ടാം പകുതിയും
പേഴക്കാപ്പിള്ളി വനിത കോ-ഓപ് സൊസൈറ്റി	ആദ്യ പകുതി
യോഗക്ഷേമം ലോൺസ്	ആദ്യ പകുതിയും രണ്ടാം പകുതിയും
സതേൺ ചിറ്റസ് & അസോസിയേറ്റസ്	ആദ്യ പകുതിയും രണ്ടാം പകുതിയും
കെ.പി.ബി ഫൻ കെയർ	ആദ്യ പകുതിയും രണ്ടാം പകുതിയും

1-14 ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് വിവിധ വകു നിന്നുമുള്ള ക്ലിയറൻസ് കാലാവധിക്ക് ശേഷവും ലൈസൻസ്

1994 ലെ പഞ്ചായത്ത് രാജ് നിയമത്തിലെ 232, 233, 234 വകുപ്പുകളിലെ ന കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം, സം പരിഗണിച്ച് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികളും ക്ലിയ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന രേഖകളും ഉറപ്പാക്കി അനുവദിക്കുവാൻ സാധിക്കുകയുള്ളു. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധ താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെ വിവിധ വകുപ്പുകളിൽ കാലാവധിക്ക് ശേഷവും ലൈസൻസ് നൽകിയതായി കാണുന്നു. വ ചേർക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റെ പേര്	സ്ഥാപനത്തിന്റെ തരം	ലൈസൻസ് നം	ലൈസൻസ് കാലാവധി	റ
1	മന്നാറി ഗ്രാനൈറ്റസ്	ക്വാറി	SC2-2111/23-24 Dt.01/04/23	2023-24	ക്വാ പെർ കാ 25/ അവ
2	അമൃത ഡ്രിങ്കിംഗ് വാട്ടർ	കുപ്പിവെള്ളം	A3.2227/23-24 തീയതി. 10.04.23	2023-24	പി. ക്ലി 30/ അവ

ക്ലിയറൻസ് കാലാവധിക്കു ശേഷവും സത്യവാങ്ങ് മൂലമോ/പു ഹാജരാക്കാതെ ലൈസൻസ് നൽകിയതിനുള്ള വിശദീകരണം ലഭ്യമ ഓഡിറ്റ് എൻക്വയറി നം. 15/06.09.2024 നൽകിയെങ്കിലും മറുപടി ലഭ്യമാക്ക ക്രമ നം.1ലെ ക്വാറിക്ക് മൈനിംഗ് & ജിയോളജി വകുപ്പിൽ നിന

പൊല്യൂഷൻ കൺട്രോൾ ബോർഡ്, നാഷണൽ ഗ്രീൻ ട്രിബ്യൂണൽ എ
പത്രങ്ങൾ പുതുക്കിയാൽ മാത്രമാണ് തദ്ദേശസ്വയംഭരണ സ്ഥാപനം ലൈ
ഇത്തരം അനുമതികളില്ലാതെ പഞ്ചായത്ത് നൽകിയ ലൈസൻസിന്റെ
ക്വാറി പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കേണ്ടതാണ്.
മറ്റ് വകുപ്പുകളിൽ നിന്നുമുള്ള ക്ലിയറൻസ് ആവശ്യമായ സാഹ
വകുപ്പുകളിൽ നിന്നുമുള്ള ക്ലിയറൻസ് കാലാവധിവരെ മാത്രമെ ലൈസ
എന്ന കാര്യം പുതുതായി ലൈസൻസ് നൽകുമ്പോൾ ശ്രദ്ധിക്കേണ്ടതാണ്.

1-15 2022-23 വർഷം ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും 20 ലൈസൻസ് പുതുക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, 2022
എടുത്ത പല സ്ഥാപനങ്ങളും 2023-24 വർഷം ലൈസൻസ് പുതുക്കി
ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	സ്ഥാപനത്തിന്റ പേര്
1	പെപ് സോൺ ഇൻഡസ്ട്രീസ്, മുളവൂർ 2022-23 വർഷം ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും 2023-24 വർഷം
2	കെ.കെ പ്ലൈവുഡ്, മുളവൂർ
3	കോട്ടൺ ഏഷ്യ ടെക്സ്റ്റയിൽസ്, മുടവൂർ
4	വുഡ്ക്രാഫ്റ്റ് പ്ലൈവുഡ്, പായിപ്ര 2022-23 വർഷം ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും 2023-24 വർഷം
5	തോട്ടം ട്രേഡേഴ്സ്, തട്ടുപറമ്പ്
6	കാർ ബ്രയിൻ, മുളവൂർ സൗത്ത്
7	അഫസൽ ഫർണീച്ചർ, പായിപ്ര
8	ഹുദ പോളിമേഴ്സ്, മാനാറി
9	കുന്നപ്പിള്ളി സോ മിൽ, തട്ടുപറമ്പ്
10	മരങ്ങാട്ട് ക്യാഷ്യൂസ്, ഒഴുപ്പാറ
11	സൺ പ്രോഡക്ട്സ്, പായിപ്ര ഈസ്റ്റ്
12	കെ. കെ. എസ്. എഗ്ഗ് സപ്ലൈ, പെരുമറ്റം

മേൽ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ എന്നും, ഇതിനേ
ലൈസൻസ് പുതുക്കിയിട്ടുണ്ടോയെന്നും അറിയിക്കണമെന്നാവശ്യപ്പെട്ട
നം 19/06.09.2024 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാ
നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ലൈസൻസ്/രജിസ്ട്രേഷൻ
അറിയിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാ
ലൈസൻസ് അനുമതിയോടെയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പാക്കേ

1-16 ലൈവ് സ്റ്റോക്ക് ഫാമുകളുടെ ലൈസൻസ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ ചേർത്തിരി
ഫാമുകൾ ലൈസൻസ് പുതുക്കിയതായി കാണുന്നില്ല. പുതുക്കിയിട്ടുണ്ടെ
ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 21/06.09.24 നൽ
ലഭ്യമാക്കിയില്ല. ആയതിനാൽ ടി സ്ഥാപനങ്ങൾ 2023

പ്രവർത്തിച്ചിരുന്നുവെങ്കിൽ ലൈസൻസ് പുതുക്കി നൽകി വിശദാംശ
അറിയിക്കേണ്ടതാണ്.

ഉടമയുടെ പേര്	കെട്ടിട നം	ഫാമിന്റെ തരം
സുബൈർ എം	10/2A	പൗൾട്രി ഫാം
അലിയാർ പി എ	5/481A,B	പൗൾട്രി ഫാം
എം.വി മത്തായി	3/468A	പൗൾട്രി ഫാം
പത്മനാഭൻ കർത്ത	3/483A	പൗൾട്രി ഫാം

1-17 ഇ- ടെണ്ടർ ഫാറ വില ലഭിച്ചില്ല

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17-08-20
നം.ഡി.ബി./7942/2010/സി.ഇ./ത.സ്വ.ഭ.വ പ്രകാരം ഇ-ടെണ്ടർ ആവശ്യത്തിന
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിങ്ങ് വകുപ്പ് മേ
ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യാഗിക മേൽവിലാസത്തിൽ
തുടങ്ങേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത് 2017 ആഗസ്റ്റ് 31 നകം
നിർദ്ദേശിച്ചിരുന്നു. എന്നാൽ പായിപ്ര ഗ്രാമപഞ്ചായത്തിൽ അസിസ്റ്റ
പേരിൽ ഇ- ടെണ്ടർ ആവശ്യത്തിലേക്കായി അക്കൗണ്ട് ആരംഭിച്ച്
ബന്ധപ്പെട്ട തുകകൾ നിലവിലും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ച
ബാങ്ക് അക്കൗണ്ടിലേക്കാണ് മുതൽ കൂട്ടുന്നത്. ആയത് സമയബന്ധിതമാ
ലഭ്യമാക്കിയും കാണുന്നില്ല.
ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നടത്തുന്ന പ്രവൃത്തികളുടെ ഫ
പ്രകാരം 2023-24 വർഷവും, മുൻ വർഷങ്ങളിലും ടെണ്ടർ ഫാറം വിലയ
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ലഭിച്ച
അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യിട്ടില്ലാത്തതുമായ തുക സംബന്ധ
ചേർക്കുന്നു.

വർഷം	ആകെ കളക്ഷൻ	റിമാർക്സ്
2022-23	₹2,25,000	എഞ്ചിനീയറിങ്ങ് വിഭാഗത്തിൽ നിന്നും ലഭിച്ച പത്രിക പ്രകാരം
2023-24	₹3,14,115	ഇ-ടെണ്ടർ രജിസ്റ്റർ പ്രകാരം
ആകെ	₹5,39,115	

ഇ ടെണ്ടർ തുകയുടെ വിവരം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.14/0
ലഭ്യമാക്കിയ മറുപടിയിൽ തുക ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യ
സ്വീകരിച്ച് വരികയാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. രണ്ട് വർഷത്തിൽ
തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് ലഭിക്കാതെ ജില്ലാ പ
അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. ഗ്രാമ പഞ്ചായത്തിന്റെ
വകയിരുത്തേണ്ട മേൽ തുക സമയബന്ധിതമായി വകയിരുത്താര
ഇപ്രകാരം തനത് ഫണ്ടിലേക്ക് ലഭിക്കേണ്ട വരുമാനം ലഭ്യമാക്കാൻ
സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-18 ഇലക്ഷൻ ഡെപ്പോസിറ്റ് - തനത് ഫണ്ടിൽ മുതൽകൂട്ടിയില്ല.

വാർഷിക ധനകാര്യ പത്രികയിലെ ബി.7 ഷെഡ്യൂൾ അനുസരിച്ച് താ ഇലക്ഷൻ ഡെപ്പോസിറ്റ് (കോഡ് 340100303) ഇനത്തിൽ ₹71,000.00 ബാദ്ധ്യ പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) പ്രകാരം തദ്ദേശ സ്വയംഭരണ നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേ ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. വരണാധികാരിയിൽ നിന്നും ലഭി ഫലത്തിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പിൽ നിശ്ചിത എണ്ണ സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം, കാലഹരണപ്പെട്ടിട്ടുള്ള നാളിതുവരെ തനത് ഫണ്ടിൽ മുതൽകൂട്ടാതിരുന്നത് സംബന്ധ ലഭ്യമാക്കുവാൻ താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 07/ അംഗീകാരത്തോടെ ഈ തുക തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനു വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടി ലഭിച്ചിട്ടുണ്ട്. ഇപ്ര വിവരം ലഭ്യമാക്കുന്നതിനായി ഇക്കാര്യം ധനകാര്യ സ്റ്റാന്റിങ്ങ് ക പെടുത്തുന്നു.

<u>1-19 അസി.എൻജിനീയറുടെ പേരിലുള്ള സേവിംഗ്സ് ബാങ്ക് അക നീക്കിയിരിപ്പ്-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല</u>

പായിപ്ര ഗ്രാമപഞ്ചായത്തിൽ തനത് ഫണ്ട് ഉപയോഗിച്ചു മരാമത്ത് പ്രൊജക്ടുകളുടെ ബില്ലുകളിൽ നിന്നും കുറവ് വരുത്തു ജി.എസ്.ടി., കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം എന്ന തുക ചെക്കായി LID& EW അസി.എൻജിനീയർക്കു നൽകുകയാണ് ലഭിക്കുന്ന തുകകൾ ക്രെഡിറ്റ് ചെയ്യുന്നത് അസി.എൻജിനീയറുടെ പേര ഇന്ത്യ, പായിപ്ര ശാഖയിൽ നിലവിലുള്ള 6733065618 നമ്പർ സേവിംഗ്സ് ബാ ബില്ലുകളിൽ നിന്നും കുറവ് ചെയ്ത തുകകൾ സമയബന്ധിതമായി അതാ അടവാക്കേണ്ടതുണ്ട്. എന്നാൽ മേൽ നമ്പർ ബാങ്ക് അക്കൗണ്ടിൽ 31.3.24 (രൂപ നീക്കിയിരിപ്പുണ്ട്. വൻ തുക നീക്കിയിരിപ്പ് വന്നതിന്റെ കാര ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 33/09.9.24 നമ്പർ ഓഡിറ്റ് എൻക്വയറിയു വർഷം ഓപ്പണിംഗ് ബാലൻസ് ആയി ഉണ്ടായിരുന്ന തുകയാണിതെന്നും കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ക നികുതി റിട്ടേണുകൾ സമർപ്പിക്കുന്നതാണെന്നും മറുപടി അറിയി പരിശോധിച്ച് നീക്കിയിരിപ്പ് തുക ഏതിനത്തിലുള്ളതാ അറിയിക്കേണ്ടതാണ്. സർക്കാരിലേക്ക് അടവാക്കാൻ ബാക്കി അടവാക്കേണ്ടതാണ്.

<u>1-20 ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ.</u>

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള താഴെ അക്കൗണ്ടുകളിൽ ഇടപാടുകൾ ഒന്നും തന്നെ നടക്കുന്നില്ല.

ബാങ്കിന്റെ പേര്	അക്കൗണ്ട് നം.	അക്കൗണ്ട് ആരംഭിച്ച തീയതി	അക്കൗണ്ട് സ്റ്റാറ്റസ്	നീക്കിയിരിപ്പ്
എസ്.ബി.ഐ. പായിപ്ര	57043751513	21.5.1982	അൺക്ലെയിംഡ്	₹12,709
എസ്.ബി.ഐ. പായിപ്ര	57043745431	2.1.1999	ഇനോപ്പറേറ്റീവ്	₹3,581

കേരള ബാങ്ക്, പേഴക്കാപ്പിള്ളി	144612804000015	23.01.2006	ഇനോപ്പറേറ്റീവ്	₹72,189 (31.3.2023ലെ)

ഇടപാടില്ലാതെ സൂക്ഷിക്കുന്ന അക്കൗണ്ടുകൾ ഫ്രീസാക്കപ്പെടുന്നതിന് മു
തുടരേണ്ടതില്ലെങ്കിൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേ
തുക തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.
മേൽ അക്കൗണ്ടുകൾ ഏത് ആവശ്യത്തിലേക്കായി ആരംഭിച്ചിട്ടുള്ള
ഇടപാടുകൾ ഒന്നും ഇല്ലാതെ ഇത് തുടരുന്നതിന്റെ കാരണവു
താൽപര്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/05.09.24) മറുപടി

1-21 കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിന്നും ഇൻഷ എടുക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-41G 3555 നമ്പ
ഇൻഷുറൻസ് പൊതുമേഖല ഇൻഷുറൻസ് സ്ഥാപനമായ യുണൈറ്റഡ്
നിന്നുമാണ് എടുത്തിട്ടുള്ളത് (തുക-9861/-, വൗച്ചർ നമ്പർ-223011186/21.2.24)
നമ്പർ-ബി2/278/2019 - ഗതാഗത വകുപ്പ്, സർക്കുലർ നമ്പർ 02/2024/
എന്നിവയിൽ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖല
കോർപ്പറേഷനുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ
വാഹനങ്ങൾക്കുള്ള Comprehensive Insurance Policy, Act Only Policy With Legal Li
ഏതെങ്കിലും ഒരെണ്ണം നിർബന്ധമായും കേരള സംസ്ഥാന ഇൻഷുറ
എടുക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. സർക്കാർ നിർദേശം പാലിക
ഇൻഷുറൻസ് കമ്പനിയിൽ നിന്നും വാഹനത്തിന് ഇൻഷുറൻസ് എടുത്ത
ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 38/10.9.24 നമ്പർ ഓഡിറ്റ്
മറുപടിയിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ
ഇൻഷുറൻസ് വകുപ്പിൽ നിന്നും തുടർന്ന് ഇൻഷുറൻസ് എ
വ്യക്തമാക്കിയത്. ഇക്കാര്യത്തിൽ സർക്കാർ നിർദ്ദേശം പാലിക്കേണ്ടതാണ

1-22 അജൈവ മാലിന്യസംസ്ക്കരണം-മാലിന്യ സംസ്ക്കരണ അധിക തുക നൽകിയത് ക്രമീകരിക്കേണ്ടതാണ്

പ്രോജക്ട് നമ്പർ	S 0295/24
പ്രോജക്ടിന്റെ പേര്	അജൈവ മാലിന്യ സംസ്ക്കരണം – ഏജൻസിക്ക് തുക നൽകൽ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	₹408103/- (സി.എഫ്.സി. ടൈഡ് ഗ്രാന്റ്)
ചെലവ്	₹393983/- (വൗച്ചർ നമ്പർ -XVFC/2023-24/P/9/28.11.23-തുക-₹372398/- വൗച്ചർ നമ്പർ – XVFC/2023-24/P/8/24.11.23-തുക- ₹21585/-)

എം.സി.എഫിൽ ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ സംസ്ക്കരി
ചെയ്യുന്നത് നോർത്താംപ്ടൺ ഇഎൻവി സൊല്യൂഷൻസ് എന്ന സ്ഥാപന
13.11.23ൽ 372398/- രൂപയും 18.11.23ൽ 21585/-രൂപയും ഉൾപ്പെടെ ആകെ 393983

ചെയ്തതിന് S 0295/24 പ്രോജക്ട് പ്രകാരം തനത് ഫണ്ടിൽ നിന്നും സ്ഥാപന
ചേർക്കുന്ന ഇൻവോയ്സുകൾ പ്രകാരമാണ് 372398/-രൂപ സ്ഥാപനത്തിന് നൽ

ക്രമ നമ്പർ	ഇൻവോയ്സ് നമ്പർ	തീയതി	തുക ₹
1	644	10.7.23	51595
2	694	19.7.23	62838
3	754	27.7.23	20160
4	753	27.7.23	49130
5	953	28.8.23	18480
6	968	28.8.23	21700
7	1242	14.10.23	53295
8	1243	14.10.23	43520
9	1265	20.10.23	51680
		ആകെ	372398

സെക്രട്ടറിയും നോർത്താംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടറും തമ്മിൽ 01.7.23 ത
പ്ലാസ്റ്റിക്ക്, പാഴ് വസ്തുക്കൾ എന്നിവ നീക്കം ചെയ്യുന്നതിന് 2023-24 വർഷ
ഇതനുസരിച്ച് തരംതിരിക്കാത്ത കൂടിക്കലർന്ന പ്ലാസ്റ്റിക്ക് കവറുകൾ (Mult
കിലോഗ്രാമിന് 7/-രൂപയും ചെരുപ്പ്, ബാഗ്, തുണി, ലെതർ, തെർമ്മോക്കോ
Waste) കിലോഗ്രാമിന് 8.50 രൂപയും പഞ്ചായത്ത് സ്ഥാപനത്തിന് നൽ
ഇൻവോയ്സ് പ്രകാരം നൽകിയിരിക്കുന്ന ₹51680/-. തരംതിരിക്കാതെ കൂടി
പ്ലാസ്റ്റിക്ക് കവറുകൾ (Multi) നീക്കം ചെയ്തതിനാണ്. കരാർ പ്രകാരം ഈ ഇ
7/-രൂപയാണ് നിരക്ക്. എന്നാൽ ഇൻവോയ്സിൽ 8.50 രൂപ നിരക്കിലാണ് 6080
51680/-രൂപ വില നിശ്ചയിച്ചിട്ടുള്ളത്. 7/-രൂപ നിരക്കിൽ കണക്കാക്കുമ്പോ
42560/-രൂപ നൽകുന്നതിന് പകരം 8.50രൂപ നിരക്കിൽ (8.50 X
നൽകിയിരിക്കുന്നത്. (1265/20.10.23 നമ്പരിൽ 42560/-രൂപയുടെ മറ്റൊരു
ഉണ്ട്). അധിക നിരക്ക് കണക്കാക്കിയതു മൂലം 9120/- രൂപ അ
നോർത്താംപ്സിന് നൽകിയിട്ടുണ്ട്. അധികമായി നല്കിയ തുക തുടർന്ന് ല
ക്രമീകരിച്ചിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കെ
നമ്പർ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 9120/-രൂപ നോ
തിരികെ ഈടാക്കുകയോ തുടർന്ന് നൽകുന്ന തുകയിൽ നിന്നും
ചെയ്യേണ്ടതാണ്. തുക തിരികെ ലഭിക്കുന്നതു വരെ 9120/-രൂപയുടെ ചെല

വി.ഇ.ഓ. ഹാജരാക്കിയ ഇൻവോയ്സുകളുടെ അടിസ
നോർത്താംപ്സിന് തുക നൽകിയത്. ഇൻവോയ്സുകളിൽ രേഖപ്പെടുത്തി
നീക്കം ചെയ്തിട്ടുള്ളതായി വി.ഇ.ഓ. സാക്ഷ്യപ്പെടുത്തിയിട്ടില്ല. വെ
ക്വാണ്ടിഫിക്കേഷൻ രജിസ്റ്ററിന്റെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് ഇ
ഉൾപ്പെടുത്തിയിട്ടില്ല. ആയത് ഫയലിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-23 മംഗല്യക്കടവ് പാലം നിർമ്മാണം ആരംഭിച്ചതിന്റെ വിവ അറിയിക്കേണ്ടതാണ്

പ്രോജക്ട് നമ്പർ	S 0294/24
പ്രൊജക്ടിന്റെ പേര്	പോയാലി ടൂറിസം പദ്ധതി, പുള്ളിച്ചിറ ടൂറിസം പദ്ധതി, മംഗല്യകടവ് പാലം

	നിർമ്മാണം, സർവ്വേ ഡിസൈൻ തയ്യാറാക്കൽ, അനുബന്ധ ചെലവുകൾ
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	1,51,000/-(തനത് ഫണ്ട്)
ചെലവ്	70800/-(ചെക്ക് നമ്പർ-552525/25.5.23)

വാർഡ് 4 ൽ മംഗല്യക്കടവ് പാലം നിർമ്മിക്കുന്നതിന് സ്ട്രക്ച്ചറൽ ഡിസൈ ഹരി ജി., ചീഫ് കൺസൾട്ടന്റ്, ഹരി അസോസിയേറ്റ്സ്, വൈറ്റ സ്ഥാപനത്തിന്റെ ഇൻവോയ്സ് നമ്പർ-20/28.02.23 പ്രകാരം 70800/-രൂപ ത നൽകിയിട്ടുണ്ട്. മൂവാറ്റുപുഴ എം.എൽ.എ. ആയിരുന്ന ശ്രീ. എൽദോ വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെട്ടിരുന്നതാണ് ടി പാല മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി.എൻജിനീയർ ആവശ ഡിസൈൻ തയ്യാറാക്കിയത്. പാലം നിർമ്മാണം ആരംഭിച്ചു അറിയിക്കേണ്ടതാണ്. സ്ട്രക്ച്ചറൽ ഡിസൈൻ പാലം നിർമ്മാണത്തിന വിവരവും അറിയിക്കേണ്ടതാണ്.

ഇൻകം ടാക്സ് ആക്ട് 1961, സെക്ഷൻ 194 ജെ പ്രകാരം ടെക്നിക്കൽ പ്രതിഫലത്തിൽ നിന്നും 10% ഇൻകം ടാക്സ് സ്രോതസിൽ കിഴിവ് ചെയ്യേ രൂപയുടെ 10% തുകയായ 7080/-രൂപ സ്രോതസിൽ നിന്നും കുറവ് ചെയ്യാതെ ചെയ്ത് 70200/-രൂപയാണ് കൺസൾട്ടന്റിന് നൽകിയത്. ബാക്കി 6480/-രൂ നികുതി വകുപ്പിൽ അടവാക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേ സംബന്ധിച്ച് നൽകിയ 42/10.9.24 നമ്പർ ഓഡിറ്റ് എൻകയറിക്ക് മറുപടി ലഭ

<u>1-24 ചാക്കുകളിൽ പ്ലാസ്റ്റിക്ക് ശേഖരിക്കുന്നതിന് തുക നൽകിയ ലഭ്യമാക്കിയില്ല</u>

പായിപ്ര ഗ്രാമപഞ്ചായത്തിൽ തൃക്കളത്തൂരിനു സമീപം വാർഡ് 21 ൽ 2023 എൻഫോഴ്സ്മെന്റ് സ്കാഡ് നടത്തിയ പരിശോധനയിൽ സിജോ ഡേവി വ്യക്തി നിരോധിത പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളുടെ സംഭരണവും വിതരണ കണ്ടെത്തുകയും 1095 കി.ഗ്രാം. പ്ലാസ്റ്റിക്ക് കോട്ടഡ് പേപ്പർ പിടിച്ചെടുക്കുകയും ചെയ്തു. ഇവ 74 ചാക്കുകളിൽ ആക്കിയതിന് വാർ സേനാംഗങ്ങളായ രജനി ബിജു, അനിത ശ്രീനിവാസൻ എന്നിവർക്ക് വീതം യൂസർ ഫീസായി 7400/-രൂപ രജനി ബിജുവിന്റെ ബാങ്ക് അ നമ്പർ22301188/28.01.24 പ്രകാരം നൽകി. ടി വ്യക്തികളുടെ ജോലിയുടെ ഭാ തിരിച്ച് ചാക്കുകളിൽ ആക്കി വെയ്ക്കുക എന്നുള്ളത്. ഇവിടെ മാലിന്യ മു ചാക്കിൽ ആക്കിയത്. യൂസർ ഫീസ് ഹരിത കർമ്മസേന കൺസോർഷ്യ സാധാരണയായി വരവ് വെയ്ക്കുന്നത്. ഒരു മാസം 100/-രൂപ ന സ്ഥാപനങ്ങൾ യൂസർ ഫീസ് നൽകുന്നത്. മാലിന്യ മുക്തമായിട്ടുള്ള വീതം യൂസർ ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കേണ്ടതാ

പഞ്ചായത്ത് ഫണ്ടിൽ നിന്നും 7400/-രൂപ ചെലവഴിച്ചതിനു പുറമേ ചാക്കു നോർത്താംപ്സ് ഇഎൻവി സൊല്യൂഷൻസിന് നൽകുന്നതിന് ഒരു കിലോഗ്ര നിരക്കിൽ 7665/-രൂപ കൂടി പഞ്ചായത്ത് നൽകേണ്ടതുമുണ്ട്. എന്നാൽ ഡേവിഡ് പഞ്ചായത്തിൽ അടവാക്കിയത് 10,000/-രൂപ മാത്രമാണ്. പ്ല പിടിച്ചെടുത്തത് വഴി പഞ്ചായത്തിന് ലഭിച്ച തുകയേക്കാൾ 50

പഞ്ചായത്തിന് ചെലവ് വരുന്നു. ഇത് സംബന്ധിച്ചും ഹരിത കർമ്മ സേ
അക്കൗണ്ടിലേക്ക് യൂസർ ഫീസ് ഇനത്തിൽ തനത് ഫണ്ടിൽ നിന്നും
വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 40/10.9.24 നമ്പർ ഓഡിറ്റ്
ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ പരാമർശങ്ങൾക്ക് വിശദീകര
വിധേയമായി യൂസർ ഫീസ് ഇനത്തിൽ നൽകിയ ₹ 7400/- ന്റെ ചെലവ് തട

1-25 ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം നൽകേണ

2013 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകര
)ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ദുരിതാശ്വാസ
അക്കൗണ്ട് (അക്കൗണ്ട് നമ്പർ 67022168881) നിലവിലുണ്ട്. 31.3.24
അക്കൗണ്ടിലെ നീക്കിയിരിപ്പ്.

2013 ലെ ദുരിതാശ്വാസ നിധി ചട്ടങ്ങളിലെ ചട്ടം 4(3) പ്രകാര
സമാഹരിക്കുന്നതിനുള്ള നടപടികൾ ഏകോപിപ്പിക്കുന്നതിനും
ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകൾ പരിശോധിക്കു
എടുക്കുന്നതിനുമായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ഒരു ഗ്രാമ
സെക്രട്ടറിയും അടങ്ങുന്ന പഞ്ചായത്തിന്റെ ഒരു സബ് കമ്മറ്റി
പ്രസിഡന്റ് പ്രസ്തുത സബ് കമ്മറ്റിയുടെ ചെയർമ
കൺവീനറുമായിരിക്കുന്നതാണ്. പായിപ്ര ഗ്രാമപഞ്ചായത്തിൽ ഇപ്രകാ
രൂപീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചുവെങ്കിലും സബ് കമ്മറ്റി മിനിട്ട്സ് ബുക്ക്
ഹാജരാക്കിയില്ല.

3 ലക്ഷത്തിലേറെ രൂപ നീക്കിയിരിപ്പുണ്ടായിട്ടും 2023-24 വർഷം ദു
നിന്നും ആർക്കും ധനസഹായം നൽകിയിട്ടില്ല. പലിശ വരവല്ലാ
അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. നിധിയിലേക്ക് ധനസമാഹരണം നടത്ത
വ്യക്തികൾക്ക് ധനസഹായം നൽകുന്ന തരത്തിൽ ഫ
വിനിയോഗിക്കാത്തതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടു ക
നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, ദുരിതാശ്വാസ നിധിയിലേക്ക് തുക
ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് വിഷയം അടുത്ത കമ്മ
ഉൾപ്പെടുത്തുന്നതാണെന്ന് മറുപടിയിൽ ലഭ്യമാക്കി. ദുരിതാശ്വാസ
ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-26 കേരളോത്സവം-തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു ചെലവില്ല

2023-24 വർഷത്തെ സുലേഖ ചെലവ് പ
നിർവ്വഹണോദ്യോഗസ്ഥനായി S0489/24- കേരളോത്സവം നടത്തിപ്പ്
ഉൾപ്പെട്ടിട്ടുണ്ട്. തനത് ഫണ്ടിൽ നിന്നും 50000/-രൂപയാ
വകയിരുത്തിയിട്ടുള്ളത്. സുലേഖ പത്രിക പ്രകാരം ചെലവ് ഒന്നുമില്ല
ധനകാര്യ പത്രിക I-11 ഷെഡ്യൂൾ - 220800101 ഹെഡ് കോഡ്
കേരളോത്സവത്തിനായി ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് ചെല
ഉൾപ്പെടുത്താത്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു ക
നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. കേരളോത്സവം ന
അനുവദിച്ചതിനു ശേഷമാണ് പ്രൊജക്ട് തയ്യാറാക്കിയതെന്നും

റികിസിഷൻ തയ്യാറാക്കാൻ വിട്ടുപോയതിനാൽ പ്രൊജക്റ്റിൽ ചെ
സാധിച്ചില്ലെന്നും തുടർന്ന് ഇത്തരം വീഴ്ചകൾ വരാതിരിക്കാൻ ശ്രദ്ധ
മറുപടിയിൽ പരാമർശിച്ചിട്ടുള്ളത്. അപാകത ആവർത്തിക്കാതിരിക്കാൻ

1-27 ജലജീവൻ മിഷൻ- കുടിവെള്ള ടാങ്ക് സ്ഥാപിക്കുന്നതിന് സ സംബന്ധിച്ച്

ജലജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് വാട്ടർ ട
പായിപ്ര ഗ്രാമപഞ്ചായത്ത് രണ്ടാം വാർഡിൽ ഉൾപ്പെട്ടതും മുളവൂർ വില്ലേ
1-9-2ൽ പെട്ടതുമായ 9.31 ആർ (22.996 സെന്റ്) സ്ഥലം ശ്രീ.ഷബീബ് റഹ
നിന്നും 982909/- രൂപ ചെലവഴിച്ച് പഞ്ചായത്ത് വാങ്ങിയിട്ടുണ്ട് (
നമ്പർ-22300089/26.4.23). ഒരു സെന്റിന് 42743/-രൂപയാണ് വില വരുന്നത്.

കേരള വാട്ടർ അതോറിറ്റി, പി.എച്ച്.ഡിവിഷൻ, മൂ
എൻജിനീയറുടെ A4-647/2022/06.4.22 നമ്പർ കത്തിൽ പായിപ്ര ഗ്രാമപഞ്ച
ജൽ ജീവൻ മിഷൻ പദ്ധതിക്കു വേണ്ടി 15 ലക്ഷം ലിറ്റർ ടാങ്കിനു വേണ്ട
സെന്റ് സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകേണ്ടതായിട്ടുണ്ടെന്ന് അ
അതോറിറ്റി, പി.എച്ച്.ഡിവിഷൻ, മൂവാറ്റുപുഴ അസി.എക്സിക്യൂട്ടീ
DB4/JJM/13385/2022,തീയതി 24.5.22 നമ്പർ കത്തു പ്രകാരം കുടിവെള
